പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.446 | 21/03/2018 ൽ മറുപടിക്ക്

## വിജിലൻസ് അന്വേഷണ കേസുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റോജി എം. ജോൺ<br>,, വി.ഡി.സതീശൻ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അഴിമതിക്കെതിരെയുള്ള വിജിലൻസ് അന്വേഷണ കേസുകൾ അട്ടിമറിക്കപ്പെട്ടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അഴിമതിക്കെതിരെയുള്ള വിജിലൻസ് അന്വേഷണ കേസുകൾ അട്ടിമറിക്കപ്പെടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | അഴിമതിക്കാരും അധികാരദുർവിനിയോഗം നടത്തിയവരും നിയമത്തിന്റെ മുന്നിൽ നിന്നും രക്ഷപ്പെടുന്ന അവസ്ഥ ഒഴിവാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ; | (ബി) | സ്വതന്ത്രവും നിഷ്പക്ഷവും നീതിപൂർവ്വവുമായ രീതിയിൽ അന്വേഷണങ്ങൾ മുന്നോട്ടു കൊണ്ടു പോകുക എന്ന ലക്ഷ്യത്തോടെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ , ലഭിക്കുന്ന അഴിമതി സംബന്ധിക്കുന്ന പരാതി കളിൽമേൽ വളരെ ജാഗ്രതയോടെ വിജിലൻസ് അന്വേഷണം/പ്രാഥമിക അന്വേഷണം/ സത്വരാന്വേഷണം/ രഹസ്യാന്വേഷണം എന്നിവ നടത്തി അഴിമതി നിരോധന നിയമത്തിലെ വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും, വകുപ്പുതല നടപടികൾ ആവശ്യമായവയിൽ അതിനായി ശുപാർശ ചെയ്യുകയും ചെയ്തു വരുന്നു. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് ആരോപണം ഉന്നയിക്കപ്പെട്ടതും വിജിലൻസ് അന്വേഷണം നടത്തി നടപടി അവസാനിപ്പിച്ചതുമായ കേസുകൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ? | (സി) | ഈ സർക്കാരിന്റെ കാലത്ത് ഉന്നയിക്കപ്പെട്ട ആരോപണങ്ങളിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തിയതും തുടർ നടപടികൾ അവസാനിപ്പിക്കുന്ന തിനായി ശുപാർശ ചെയ്തുകൊണ്ട് വിജിലൻസ് കോടതി മുൻപാകെ അന്തിമ റിപ്പോർട്ട് സമർപ്പിച്ചതുമായ രണ്ടു വിജിലൻസ് കേസുകൾ ഉണ്ട്. ഇതിന്മേൽ കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ